# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കായക്കൊടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി2/744/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 28/06/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കായക്കൊടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി2/744/2021 തീയ്യതി: 28/06/2021

# കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2020 മുതൽ 17-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വാസുദേവൻ എം | ഡെപ്യൂട്ടി ഡയറക്ടർ | 18-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സതീഷ്കുമാർ കെ. ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.കരുണാകരൻ എം.ഓഡിറ്റ് ഓഫീസർ.
ശ്രീ.ജയകുമാർ പാലോളി.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സുരേഷ്കുമാർ എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീ.ജാസിർ സി.എം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .അശ്വതി കെ.ടി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ,മനോജ് കെ | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എസ് ഗോവിന്ദൻ നമ്പൂതിരി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 22-07-2019 |
| ശ്രീ.ശ്രീധരൻ പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 23-07-2019 | 31-03-2020 |
| ശ്രീമതി നിഷ ഐ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ക്ലാര വി.ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.ഷൈലേഷ് കുമാർ | വി.ഇ.ഒ | 01-04-2019 | 15-06-2019 |
| ശ്രീ.പ്രീത് കുമാർ പി | വി.ഇ.ഒ | 16-06-2019 | 30-11-2019 |
| ശ്രീ.വിജയൻ കെ.കെ | വി.ഇ.ഒ | 05-12-2019 | 31-03-2020 |
| ഡോ.മിനി കെ.വി | വെറ്ററിനറി സർജൻ | 01-04-2019 | 03-12-2019 |
| ഡോ.ലിപിൻ എൽ.എസ് | വെറ്ററിനറി സർജൻ | 04-12-2019 | 31-03-2020 |
| ശ്രീ.കരുണൻ ടി.എം | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ.സജിത സി.പി | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ഹയറുന്നീസ | മെഡിക്കൽ | 01-04-2019 | 19-08-2019 |

| | | | |
|---|---|---|---|
| | ഓഫീസർ -ആയുർവ്വേദം | | |
| ഡോ.ഷാഹിത ടി | മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 20-08-2019 | 31-03-2020 |
| ശ്രീ.മഹേഷ് കെ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.മുഹമ്മദ് നവാസ് | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.പ്രമോദ്.എസ് | കൃഷി ഓഫീസർ | 01-04-2019 | 12-06-2019 |
| ശ്രീമതി.അമൃത ബാബു | കൃഷി ഓഫീസർ | 13-06-2019 | 27-02-2020 |
| ശ്രീമതി.ശിൽപ്പ വർക്കി | കൃഷി ഓഫീസർ | 28-02-2020 | 31-03-2020 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-1 |
| 2 | വാർഷികകണക്ക്<br>Written By: Jayakumar Paloli (Asst. Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ<br>Written By: Jayakumar Paloli (Asst. Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayakumar Paloli (Asst. Audit Officer, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Jayakumar Paloli (Asst. Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-6-1 |
| 8 | 2019-20 കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രധാന അപാകങ്ങൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-6-2 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Jasir C M (Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jasir C M (Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം.<br>Written By: M.Karunakaran (Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-9 |
| 12 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ<br>Written By: Jasir C M (Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-10 |
| 13 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Jasir C M (Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-11 |
| 14 | വരൾച്ചാ ദുരിതാശ്വാസം. കുടിവെള്ള വിതരണം പ്രൊജക്ട് നടപ്പിലാക്കിയതിൽ അപാകത<br>Written By: M.Karunakaran (Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-12 |
| 15 | ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-13 |

| | | |
|---|---|---|
| 16 | റോഡ് നിർമാണപ്രവൃത്തികൾ -കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-14 |
| 17 | കരാറുകാരുടെ ജി എസ് ടി ഇൻവോയിസ് ലഭ്യമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-15 |
| 18 | പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ പൊതുന്യൂനതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-16 |
| 19 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-17 |
| 20 | പ്രവൃത്തി പൂർത്തിയാക്കി 4 മാസത്തിനുള്ളിൽ റോഡ് തകർന്നു - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: SURESH KUMAR S (Senior Grade Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-18 |
| 21 | ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നുംഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റു ചെയ്തതിന്റെ വിവരം ലഭ്യമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-19 |
| 22 | സ്പിൽഓവർ പദ്ധതികൾ തൻവർഷം പൂർത്തീകരിക്കുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-20 |
| 23 | ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-21 |
| 24 | മോണിട്ടറിംഗ് സമിതി റിപ്പോർട്ടുകളില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-22 |
| 25 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-23 |
| 26 | റിവൈസ്ഡ് എസ്റ്റിമേറ്റ് വ്യാപകമായി തയ്യാറാക്കുന്നു<br>Written By: SURESH KUMAR S (Senior Grade Auditor, On 24-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-24 |
| 27 | കടത്തനാട്ട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് തുക ബാങ്കിൽ നിക്ഷേപിച്ചു-തുടർ വിവരം ലഭ്യമായില്ല.<br>Written By: M.Karunakaran (Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-25 |
| 28 | കേരകൃഷി വികസനം-ജൈവവളത്തിന്റെ വില നിർണയിച്ചതിൽ അവ്യക്തത. | 1-26 |

| | | |
|---|---|---|
| | Written By: M.Karunakaran (Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | |
| 29 | ബഡ്സ് സ്കൂളിന് അടിസ്ഥാന സൗകര്യമൊരുക്കി പ്രവർത്തനക്ഷമമാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-27 |
| 30 | പട്ടികജാതിക്കാർക്ക് വീട് വയറിംഗ്. പ്രൊജക്ട് നടത്തിപ്പിൽ അപാകത<br>Written By: M.Karunakaran (Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-28 |
| 31 | സംയുക്ത പ്രൊജക്ടു കൾക്കായുള്ള ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.<br>Written By: M.Karunakaran (Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-29 |
| 32 | മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു<br>Written By: Sathish Kumar K (Audit Officer (HG), On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-30 |
| 33 | മരം മുറിച്ചു മാറ്റൽ -തുടർനടപടികൾ ലഭ്യമല്ല<br>Written By: Sathish Kumar K (Audit Officer (HG), On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-31 |
| 34 | ക്ഷീരഗ്രാമം പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Sathish Kumar K (Audit Officer (HG), On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-32 |
| 35 | ഇടപാടുകളൊന്നുമില്ലാതെ വൻ തുക എസ്.ബി അക്കൗണ്ടിൽ സൂക്ഷിച്ചതുവഴി പലിശ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുമായിരുന്ന വരുമാനം നഷ്ടപ്പെടുത്തി.<br>Written By: Jayakumar Paloli (Asst. Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-33 |
| 36 | വി.ഇ.ഒ നിർവ്വഹണം ചെയ്ത പദ്ധതികളിലെ അപാകതകൾ<br>Written By: Jayakumar Paloli (Asst. Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sathish Kumar K (Audit Officer (HG), On 22-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sathish Kumar K (Audit Officer (HG), On 22-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sathish Kumar K (Audit Officer (HG), On 22-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| | Written By: Sathish Kumar K (Audit Officer (HG), On 22-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | |
| 5 | വായ്പ/വായ്പ തിരിച്ചടവ്.<br>Written By: Sathish Kumar K (Audit Officer (HG), On 22-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sathish Kumar K (Audit Officer (HG), On 22-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sathish Kumar K (Audit Officer (HG), On 22-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sathish Kumar K (Audit Officer (HG), On 22-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക<br>Written By: Sathish Kumar K (Audit Officer (HG), On 22-06-2021)<br>Last Updated By: Sathish Kumar K (Audit Officer (HG), On 22-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sathish Kumar K (Audit Officer (HG), On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sathish Kumar K (Audit Officer (HG), On 22-06-2021)<br>Last Updated By: Vasudevan M (Deputy Director, On 28-06-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 7.2.19 ൽ കൂടിയ ഭരണസമിതിയുടെ 1(1)/19 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 11.3.2020ലെ 1 (1)/20 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1994ലെ കേരളപഞ്ചായത്ത് രാജ് നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനുവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. ആരോഗ്യം വിദ്യാഭ്യാസം എന്നീ സ്റ്റാന്റിംഗ് കമ്മറ്റികൾ ഇത്തരത്തിലൊരു നിർദ്ദേശം സമർപ്പിച്ചതായി കാണുന്നില്ല മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദമായ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടില്ല. ഭരണസമിതി അംഗീകരിച്ചു നൽകിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും പഞ്ചായത്തിന്റെ യഥാർത്ഥ വരവുചെലവുകളും തമ്മിൽ വൻ അന്തരം കാണുന്നു. 3 -2-2020 ൽ കൂടിയ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ബജറ്റ് റിവൈസ് ചെയ്യുകയും ആയത് 17.2.2020 ൽ ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയും പഞ്ചായത്തിന്റെ യഥാർത്ഥ വരവു, ചെലവു, നീക്കിയിരി പ്പും തമ്മിലും ഭീമമായ അന്തരം കാണുന്നു. പരിഷ്കരിച്ച ബജറ്റ് പ്രകാരം സാമ്പത്തിക വർഷത്തെവരവ് മുന്നിരിപ്പുൾപ്പെടെ 218238904 രൂപ രേഖപ്പെടുത്തിയപ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് മുന്നിരിപ്പുൾപ്പെടെ 95308627 രൂപ മാത്രമാണ് അതെപോലെതന്നെ ചെലവ് പരിഷ്കരിച്ച ബജറ്റ് പ്രകാരം 81541606 രൂപയും യഥാർത്ഥ ചെലവു 71877962 രൂപയുമാണ്. ഇതെപോലെതന്നെ മുന്നിരിപ്പിലും നീക്കിയിരിപ്പിലും യഥാർത്ഥ നീക്കിയിരിപ്പുമായി വൻ അന്തരമുണ്ട്. അതേപോലെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി, നികുതിയേതര വരുമാനവും യഥാർത്ഥ നികുതി, നികുതിയേതര വരുമാനവും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു. വിശദാംശം താഴെ

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരുമാനം | യഥാർത്ഥ വരുമാനം | വ്യത്യാസം |
|---|---|---|---|
| നികുതി വരുമാനം | 644360 | 3310946 | 2666586 |
| നികുതിയേതര വരുമാനം | 670500 | 804974 | 134474 |

19-20 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കിയ അവസരത്തിൽ പഞ്ചായത്തിന്റെ പ്രധാന വരുമാനമായ വസ്തുനികുതിയിൽ പ്രതീക്ഷിത വരുമാനമായി തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

2020-21 വർഷത്തെ ബജറ്റ് തയ്യാറാക്കിയപ്പോഴും സ്ഥാപനത്തിന്റെ യഥാർത്ഥ, നികുതിയേതര വരുമാനവുമായി യാതൊരു ബന്ധവുമില്ലാത്ത തുകകളാണ് പ്രതീക്ഷിത, നികുതിയേതര വരുമാനമായി ഉൾപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിന്റെ 19-20 സാമ്പത്തിക വർഷത്തെ

നികുതിയേതരവരുമാനം 804904 രൂപയുള്ളപ്പോൾ 2020-21 ലേക്ക് ഈ ഇനത്തിലുള്ള പ്രതീക്ഷിത വരുമാനമായി 1378000 രൂപയാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ നിന്നും ബജറ്റ് തയ്യാറാക്കുമ്പോഴും ആയത് റിവൈസ് ചെയ്യുമ്പോഴും ആയത് യാഥാർത്ഥ്യ ബോധ്യത്തോടുകൂടി തയ്യാറാക്കി അംഗീകാരം വാങ്ങാനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്ന് വ്യക്തമാവുന്നു.

## 1-2 വാർഷികകണക്ക്

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയ്യതി |
|---|---|
| 31-7-2020 | 29-06-2020 |

## 1-2-1 വാർഷികകണക്കിലെ അപാകതകൾ

1. ഓഡിറ്റ് വർഷം തിരിച്ചടക്കാനുണ്ടായിരുന്ന കെ.യു.ആർ.ഡി . എഫ്. സി ലോൺ തുകയായ 23204607 രൂപയിൽ 1401611 രൂപ തൻവർഷം തിരിച്ചടവുണ്ട്. തൻവർഷം തിരിച്ചടക്കാൻ അവശേഷിക്കുന്ന ലോൺ തുക 21802996 രൂപയാണ്. വാർഷിക കണക്ക് പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ള ലോൺ തുകയായി കാണിച്ചിട്ടുള്ള തുക 22516132 രൂപയാണ്.
2. സുലേഖ ചെലവ് പത്രിക പ്രകാരം ലൈഫ് ഭവനപദ്ധതിക്കായുള്ള സംസ്ഥാന വിഹിതം, കെ.യു.ആർ.ഡി.എഫ്.സി ലോൺ ഇനത്തിലുള്ള ചെലവ് 17227393 രൂപയാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ പദ്ധതിക്കായി സംസ്ഥാന വിഹിതം, കെ.യു.ആർ.ഡി.എഫ്.സി ലോൺ ഇനത്തിൽ 18267393 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ഇനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ച 1040000/- രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല .
3. ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, വായ്പാ രജിസ്റ്റർ, സ്ഥിരനിക്ഷേപ രജിസ്റ്ററുകളിലെ സംക്ഷിപ്തം എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
4. വാർഷിക കണക്കിൽ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
5. ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കിയിട്ടില്ല.
6. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്. ഇവ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ഇനം | തുക |
|---|---|
| Contribution For Joint Venture Projects<br>(For Revenue Expenditure)-From Block Panchayaths | 198831 |
| Contribution For Joint Venture Projects<br>(For RevenueExpenditure)-From District Panchayaths | 262037 |

7. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമിനത്തിൽ തൻവർഷം ചെലവഴിച്ച 60000/-രൂപ വാർഷികകണക്ക് വരവ് ചെലവിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷികകണക്കിലെ മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21533930 |
| വരവ് | 73774697 |
| ആകെ | 95308627 |
| ചെലവ് | 71877962 |
| നീക്കിയിരിപ്പ് | 23430665 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | - | 12206731 | 12206731 | 9379312 | 2827419 | ലപ്സായ തുകയിൽ ക്യൂബില്ലിൽ ഉൾപ്പെട്ട തുകയും ഉൾപ്പെ ട്ടുന്നുണ്ട്. മേൽ തുകകളുടെ വിശദാംശങ്ങൾ പഞ്ചായത്ത് ലഭ്യമാക്കി യിട്ടില്ല |
| വികസന ഫണ്ട് (എസ്.സി.പി ) | - | 1550538 | 1550538 | 329603 | 1220935 | -D0- |
| വികസന ഫണ്ട് (ടി.എസ്.പി ) | - | 121000 | 121000 | 121000 | 0 | - |
| മെയിന്റനൻസ് (റോഡ് ) | - | 7500000 | 7500000 | 4861583 | 2638417 | -D0- |
| മെയിന്റനൻസ് (നോൺ റോഡ്) | - | 4129000 | 4129000 | 1955701 | 21733299 | -D0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(CFC - UnTied) | - | 10795661 | 10795661 | 9147260 | 1648401 | -D0 |
| | കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 508180 | 721482 | 1229662 | 700000 | 529662 | |
| TSC(Total Sanitation Campaign),ODF | 3959014 | | 3959014 | 168000 | 3791014 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | - | | | | | |
| ബഡ്സ് സ്കൂൾ ഗ്രാന്റ് | 1250000 | 0 | 1250000 | 0 | 1250000 | |
| ശുചിത്വ മിഷൻ | 233960 | 0 | 233960 | 160100 | 73860 | |
| ലൈഫ് സ്റ്റേറ്റ് | 0 | 7367393 | 7367393 | 7367393 | | |

| | | | | | | |
|---|---|---|---|---|---|---|
| ഷെയർ | | | | | | |
| ജലനിധി | | 846000 | 846000 | 846000 | 0 | |
| വിമുക്തി | 47575 | 0 | 47575 | 0 | 47575 | |
| ആരോഗ്യ ഇൻഷ്വറൻസ് | 8194 | 0 | 8194 | 3000 | 5194 | |
| പശ്ചിമഘട്ടം | 480901 | 0 | 480901 | 0 | 480901 | |

ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

1. സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരം വികസനഫണ്ട് ജനറൽ വിഭാഗത്തിലെ ചെലവ് 11267721 രൂപയും എ.സി.ആർ പ്രകാരമുള്ള ചെലവ് 9379312 രൂപയുമാണ് . ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
2. വിവിധ ഫണ്ടിനങ്ങളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം വകയിരുത്തിയ തുകയും യഥാർത്ഥത്തിൽ വകയിരുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഈ വ്യത്യാസം ബാലൻസ് തുകയിലും നിലനിൽക്കുന്നു.
3. സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ മറ്റ് ഗ്രാന്റ് ഇനങ്ങളിൽ വരവ് രേഖപ്പെടുത്തിയ തുക തൻവർഷം പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയാണ്. എന്നാൽ ഇത്രയും തുക സാമ്പത്തിക വർഷം വരവ് വന്നിട്ടില്ല.
4. കുടുംബശ്രീക്ക് ലഭിച്ച ബഡ്സ് സ്കൂൾ അടിസ്ഥാനസൗകര്യ വികസനത്തിനായി ലഭിച്ച 1250000/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു.
5. പശ്ചിമഘട്ട വികസന പദ്ധതിക്കായി ലഭിച്ച ഗ്രാന്റ് തുകയിൽ 480901 രൂപ വർഷങ്ങളായി ചെലവഴിക്കാതെ അവശേഷിക്കുന്നു.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 147 | 105 | 3 | 39 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 147 പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 108 പ്രൊജക്ടുകൾക്ക് മാത്രമെ സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു. അവശേഷിക്കുന്ന 39 പ്രൊജക്ടുകളിൽ ഭൂരിഭാഗവും സാമ്പത്തിക വർഷത്തിൽതന്നെ പൂർത്തീകരിച്ച് ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ബില്ലുകൾ മാറുന്നതിനുള്ള നിയന്ത്രണം കാരണം സാമ്പത്തിക വർഷത്തിൽ പണമാക്കി മാറ്റാൻ കഴിഞ്ഞിട്ടില്ല. ആയത് കൂടി പരിഗണിച്ചാൽ പരിമിതമായ പ്രൊജക്ടുകൾക്ക് മാത്രമെ സാമ്പത്തിക വർഷത്തിൽ തുക ചെലവഴിക്കാതുള്ളു. ഇത്തരത്തിൽ ക്യൂബിൽ ആയ ആകെ പ്രൊജക്ടുകൾ, തുക എന്നിവ സംബന്ധിച്ച വിവരം പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. അസി.എഞ്ചിനീയർക്ക് സാമ്പത്തിക വർഷം നടപ്പിലാക്കാനുണ്ടായിരുന്നത് 78 പ്രൊജക്ടുകളാണ്. ആയതിൽ 49 എണ്ണം സാമ്പത്തിക വർഷം പൂർത്തീകരിക്കുകയും അവശേഷിക്കുന്ന 29 പ്രൊജക്ടുകളിൽ 20 പ്രൊജക്ടുകളിലായി വിവിധ

ഫണ്ടിനങ്ങളിൽ 5090168 രൂപ ക്യൂബിൽ ആയി മാറുകയും ചെയ്തിട്ടുണ്ട്. കൂടാതെ 6 പ്രവൃത്തികൾ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും അലോട്ട്മെന്റ് ഇല്ലാത്തതിനാൽ 1734064 രൂപയുടെ ബില്ലുകൾ തൻവർഷത്തിൽ ട്രഷറിയിൽ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. മറ്റ് നിർവഹണോദ്യോഗസ്ഥരിൽ, സെക്രട്ടറി, I.C.D.S.സൂപ്പർ വൈസർ, ഹെഡ്മാസ്റ്റർ എന്നിവരൊഴികെ മറ്റുള്ളവരെല്ലാം തങ്ങളുടെ പ്രൊജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം, നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തികാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തികാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചിലവർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പോലും യോഗം ചേർന്നതായി കാണുന്നില്ല. ഉദാ. കുടിവെള്ളം സുചിത്വം വർക്കിംഗ് ഗ്രൂപ്പ് 17.12.18ന് ശേഷം 4.1.2020 നാണ് യോഗം ചേർന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകളിൽ ഭൂരിഭാഗവും യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. മറ്റ് ചിലവർക്കിംഗ് ഗ്രൂപ്പുകളിൽ ചേരുന്ന യോഗങ്ങളിലൊന്നും ഗ്രൂപ്പ് കൺവീനർമാർ പങ്കെടുത്തു കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗംചേർന്ന് യോഗമിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രൊജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്

## 1-6-1 തൊഴിലുറപ്പ് പദ്ധതി അവലോകനം

2019-20 വർഷത്തെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 4284 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 7703 |
| നല്കിയ തൊഴിൽ ദിനങ്ങൾ | 201963 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | 877 |
| 2019-20 വർഷത്തെ ആകെ ചെലവ് തുക | 59428816 |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1044 | 2111090 | 2112134 | 1775908 | 336226 |
| ഗുണഭോക്താകൾക്ക് നേരിട്ടു നല്കുന്നത് | -- | 57652908 | 57652908 | 57652908 | -- |

ഭരണസമിതിയുടെ തീരുമാനം നം.05/18, തീയതി:6/12/2018 പ്രകാരം 230 പദ്ധതികൾക്കും, തീരുമാനം നം.06/19-20, തീയതി:7/09/2019 പ്രകാരം 139 പദ്ധതികൾക്കുമായി ആകെ 369 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ തൻവർഷം 301 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് (81.57%). നടപ്പാക്കിയ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിവരം താഴെപ്പറയുന്നു :

| നടപ്പാക്കിയ പ്രവർത്തികൾ | എണ്ണം |
|---|---|
| കളിസ്ഥലം നിർമ്മാണം | 1 |
| | |

| | |
|---|---|
| വൃക്ഷത്തൈ വ്യാപനം | 1 |
| ഇറിഗേഷൻ കനാൽ നവീകരണം | 8 |
| ലൈഫ് ഭവനനിർമാണം | 105 |
| തൊഴുത്ത് നിർമാണം | 8 |
| പാട്ടകൃഷിക്ക് നിലമൊരുക്കൽ | 8 |
| റോഡ് നിർമ്മാണം | 66 |
| മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ | 104 |
| നടപ്പാക്കിയ ആകെ പ്രവർത്തികൾ | 301 |

## 1-6-2 2019-20 കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രധാന അപാകങ്ങൾ

1. പദ്ധതികളുടെ പ്രാരംഭനിലയിലുള്ള കൃത്യതയാർന്ന ആസൂത്രണം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. അപേക്ഷകർ ലഭ്യമാക്കുന്ന രേഖകളുടെ നിജസ്ഥിതി ഉറപ്പുവരുത്തും വിധമുള്ള പ്രാരംഭ വെരിഫിക്കേഷൻ നടത്തിയിട്ടില്ല.
2. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് ഫയലിൽ ചേർത്തിട്ടില്ല. ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ ഒരു ഫയലിൽപ്പോലും ചേർത്തിട്ടില്ല.
3. സൈറ്റ് ഡയറി വിവരങ്ങൾ പൂർണ്ണമല്ല.
4. വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം പൂർണതോതിൽ നിർവഹിച്ചു കാണുന്നില്ല. പ്രവൃത്തിയുടെ ഒരു ഫയലിലും കമ്മറ്റി രേഖപ്പെടുത്തലുകൾ ഇല്ല. ദേശീയപ്രാധാന്യമുള്ള പദ്ധതിയെ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത ഉണ്ടാകേണ്ടതാണ്.
5. സ്ഥിര ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല. അതത് വർഷത്തെ ആസ്തി രജിസ്റ്റർ കാലികമാക്കി ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.
6. അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളിന്മേൽ പരിശോധന നടത്തി ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ അർഹത മാനദണ്ഡം ഉറപ്പ് വരുത്തുന്നതിന് വ്യവസ്ഥാപിതമായ സംവിധാനം ഇല്ലാത്ത സ്ഥിതിയുണ്ട്.
7. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് കൂടി ഉൾപ്പെടുത്തേണ്ടതാണ്.
8. മസ്റ്റർ റോൾ രേഖപ്പെടുത്തലുകൾ കൂടുതൽ കൃത്യതയോടെ ചെയ്യേണ്ടതും യഥാസമയം പരിശോധനാ വിധേയമാക്കേണ്ടതുമുണ്ട്. വെട്ടി തിരുത്തലുകൾ ഒഴിവാക്കേണ്ടതാണ്..
9. പദ്ധതികളുടെ തുടർമോണിറ്ററിംഗ് നിർവഹിക്കേണ്ടതാണ്. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ

പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ ക്കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 162600 | 122 |
| കർഷക തൊവിലാളി പെൻഷൻ | 6292200 | 1149 |
| വിധവാപെൻഷൻ | 5231400 | 918 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 5893500 | 1165 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 5893500 | 286 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 151800 | 29 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധന സഹായം | 60000 | 2 |

ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ ലഭിച്ച വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈകൊള്ളുന്നതിൽ പഞ്ചായത്ത് ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. സാമ്പത്തികവർഷം ലഭ്യമായ എല്ലാ അപേക്ഷകളിലും തീരുമാനം കൈകൊണ്ടിട്ടുള്ളത് പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. പഞ്ചായത്തിൽ ലഭ്യമാകുന്ന ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ ഉടൻതന്നെ അന്വോഷണ ഉദ്യോഗസ്ഥർക്ക് കൈമാറുകയും ലഭ്യമാകുന്ന അപേക്ഷകളിൽ അന്വോഷണ ഉദ്യോഗസ്ഥർ മിക്കമാസങ്ങളിലും താമസംവിനാ അന്വോഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. അന്വോഷണ ഉദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ട് ലഭ്യമായാൽ തൊട്ടടുത്ത് കൂടുന്ന ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി ആയത് പരിശോധിച്ച് അപേക്ഷകളിൽമേൽ തീരുമാനംകൈകൊണ്ട് ഭരണസമിതിയിൽ വെക്കുന്നുണ്ട്. അപേക്ഷകൾ സ്വീകരിക്കുന്നത് മുതൽ തീരുമാനം കൈകൊള്ളുന്നത് വരെയുള്ള എല്ലാവിവരങ്ങളും രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അന്വേഷണ ഉദ്യോഗസ്ഥർക്ക് ആയത് കൈമാറുന്നതിന്റയും അന്വേഷണം കഴിഞ്ഞ് തിരികെ ലഭിക്കുന്നതിന്റെയും വിവരം രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല. തീരുമാനം കൈകൊണ്ടതായി

രേഖപ്പെടുത്തിയിരിക്കുന്നു. അപേക്ഷ സ്വീകരിക്കുന്നതിന് മുമ്പ് തന്നെ ഭരണസമിതിയിൽ ആയത് എങ്ങനെ പാസാക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കിയിട്ടില്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2021 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7676 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ് . വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ 31.12.18 ന് ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ പുതുക്കി വിഭജിച്ച് നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷത്തിൽ ചില മാസങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്താൻ മേലുദ്യോഗസ്ഥർ ശ്രദ്ധചെലുത്തിയിട്ടുണ്ട്. കാഷ്ബുക്ക് ദിവസേന സെക്രട്ടറി ഒപ്പുവെക്കുന്നുണ്ട്. ബാങ്ക്, ട്രഷറി എക്കൌണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മറ്റു രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിലും സെക്രട്ടറി വീഴ്ച വരുത്തിയത് കൂടാതെ സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റരീതിയിൽ എഴുതി സൂക്ഷിച്ചതായും കാണുന്നില്ല. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കുന്നതിൽ സാമ്പത്തിക വർഷത്തിൽ വീഴ്ചസംഭവിച്ചിട്ടുണ്ട് , വളരെകുറഞ്ഞ വൗച്ചറുകൾ മാത്രമെ പ്രസിഡണ്ട് ആധികാരികമാക്കി കാണുന്നുള്ളൂ. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിലും, ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ യഥാസമയം പരിഹാരനടപടികൾ കൈകൊള്ളുന്നതിലും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കൂടുതൽ ഊർജിതമായ നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യസ്റ്റാന്റിംഗ്കമ്മറ്റി പ്രതിമാസ വരവുചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മിച്ചഫണ്ട് പഞ്ചായത്തിന് കൂടിയവരുമാനം ലഭിക്കത്തക്ക രീതിയിൽ നിക്ഷേപിക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധചെലുത്തികാണുന്നില്ല. മുൻവർഷങ്ങളിൽ ഒരുകോടിയിൽ പരം രൂപ നീക്കിയിരിപ്പുണ്ടായിരുന്ന കക്കട്ടിൽ സർവീസ് കോ.ഓപ് ബാങ്കിൽ14.2.18 മുതൽ 30.4.21 വരെ ഇടപാടുകളൊന്നുംനടത്തിയിട്ടില്ല. ഈ കാലയളവിൽ 37 ലക്ഷത്തിൽ പരം രൂപ എകൗണ്ടിൽ നിക്ഷേപമുണ്ടായിരുന്നു. മൂന്ന് വർഷത്തിൽ കൂടിയ കാലയളവിൽ കേവലം ചെറിയ തുക മാത്രമാണ് പലിശഇനത്തിൽ പഞ്ചായത്തിന് വരുമാനം വന്നത്. ഉപയോഗിക്കാതെ കിടന്ന ഈതുക

സ്ഥിരനിക്ഷേപമാക്കി മാറ്റിയിരുന്നെങ്കിൽ പഞ്ചായത്തിന് പലിശഇനത്തിൽ നല്ല വരുമാനം ലഭ്യമാവുമായിരുന്നു

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടുതന്നെ പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ് മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രപോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചുനൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

### 1)ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവാസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ്) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2019-20 വർഷത്തിൽ കായക്കൊടി ഗ്രാമപഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 256 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2019 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 127 സ്ഥാപനങ്ങളാണ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്.

### 2)ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് അപൂർണ്ണം.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴസ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

### 3)ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സാധ്യത നിലനില്ക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2019 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1645 (4വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ

ഉണ്ടായിരിക്കെ 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 256 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് (365 കെട്ടിടങ്ങളിൽ). നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്.

1-11 തൊഴിൽ നികുതി-അപാകതകൾ

1) രജിസ്റ്ററുകൾ തയ്യാറാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തതിനാൽ 2019-20 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല.

2)മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1645 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2019-20 വർഷത്തിൽ കായക്കൊടി ഗ്രാമപഞ്ചായത്തിൽ 4 വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 1641 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 256 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 365 ആണ്. അവശേഷിക്കുന്ന 1276 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനില്ക്കുന്നു. ഇത്തരം കെട്ടിടങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി അവയിൽ നിന്നും ജീവനക്കാരുടെ റിട്ടേൺ വാങ്ങി വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

3)വിവിധ ബിൽഡിംഗ് സൂപ്പർവൈസർമാര്,അംഗീകൃത കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(1) 2019-20 വർഷത്തിൽ കായക്കൊടി ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ ചുവടെ ചേർത്തിട്ടുള്ള വിവിധ എൽ.ബി.എസ് മാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ശ്രീ.മോഹനൻ കെ.പി

കാപ്പിപ്പറമ്പത്ത്(വീട്) അടുക്കത്ത്(പി.ഒ) കുറ്റ്യാടി വഴി

രജി നം-ഇ- 2050/2008/19510/കെ.കെ.ഡി/37/2021/ഇബി

2.ശ്രീ.അബ്ദുൾ റസാഖ് വി.പി

വലിയ പറമ്പത്ത്.കായക്കൊടി പി.ഒ,കുറ്റ്യാടി വഴി

രജി നം-ഇ-2050/08/17786/കെകെഡി/109/2020/എസ്.എ

3.ശ്രീമതി.ജ്യോതി ലക്ഷ്മി

തളീക്കര

രജി നം-ഇ/2050/08/5311/കെകെഡി/114/2013/എസ്.എ

4.ശ്രീ.അജ്മൽ അബ്ദുള്ള പി.വി

പടിഞ്ഞാറെ വീട്ടിൽ .തളിയിൽ പി.ഒ

രജി നം-ഇ/2050/08/7160/കെകെഡി/193/2015/ഇ.എ

5.ശ്രീ.ജിനീഷ് എൻ.കെ

നെടുംകുന്നമ്മൽ(വീട് ) ആക്കൽ(പി.ഒ)

രജി നം-ഇ/2050/08/6430/കെകെഡി/472/2014/എസ്.ബി

6.ശ്രീ.സുരേന്ദ്രൻ പി.ടി

തിരുവള്ളൂർ പി.ഒ

രജി നം-961(2002) /3236/എസ്.ബി

ലാറി ബിൽഡേഴ്സ് & എഞ്ചിനീയേഴ്സ് കുറ്റ്യാടി

7.ശ്രീ.മുഹമ്മദ് സാദിഖ് യു.കെ

ഉത്തൻകണ്ടി മഠത്തിൽ(വീട് ).അടുക്കത്ത് പി.ഒ.കുറ്റ്യാടി

രജി നം-ഇ/2050/08/5289/കെകെഡി/400/2013/എസ്.ബി

മേൽ സൂചിപ്പിച്ചിരിക്കുന്ന മുഴുവൻ എൽ.ബി.എസ് മാരിൽ നിന്നും നോട്ടീസ് നൽകി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>(ii)മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

ഓഡിറ്റ് വർഷം കായക്കൊടി ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ശ്രീ.രഘുദാസൻ കെ.എൻ

കളത്തോപ്പിൽ ,കരിങ്ങാട് പി.ഒ

2.ശ്രീ.സന്തോഷ് ആർ.പി

രയരോത്ത് പറമ്പത്ത്.പാലേരി പി.ഒ

3.ശ്രീ.സജീവൻ എൻ.കെ

കുറുങ്ങോട്ടിൽ ,കായക്കൊടി പി.ഒ

4.ശ്രീ.സുരേഷ് പി.പരപ്പുമ്മൽ .കാവിലുമ്പാറ പി.ഒ

5.ശ്രീ.റഫീഖ് കെ.പി.താവോട്ട് കണ്ടിയിൽ

കുറ്റിയിൽ പറമ്പത്ത്.കായക്കൊടി പി.ഒ

6.ശ്രീ.സഫീർ കെ

കുനിയിൽ,കുറ്റ്യാടി

7.ശ്രീ.എൻ പി അശോകൻ

നെല്ലിയുള്ള പറമ്പത്ത്.വടയം പി.ഒ

8.ശ്രീ, വി.സി നാരായണൻ നമ്പ്യാർ

നവനിർമ്മിതി മൾട്ടി എൻജിനീയർ കോൺട്രാക്ട് സൊസൈറ്റി

9.ശ്രീ.ഷിബു ടി.എം

തോപ്പിൽ .പൂഴിത്തോട്

10.ശ്രീ.ജിതേഷ് കക്കാടത്ത് കോട്ടയിൽതൊടി

ഒളവണ്ണ പി.ഒ

11.ശ്രീ.സ്വെതിൻ ജെ അശോക്

ആതിര,ചേരാപുരം

12.വളയം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

13.ശ്രീ. ബിജു പാറശ്ശേരി .

പാറശ്ശേരി

(iii)എം.ജി.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ സപ്ലയേർസ്/കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിൽ മെറ്റീരിയൽസ് സപ്ലൈ ചെയ്ത ചുവടെ ചേർത്തിട്ടുള്ള വിവിധ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ശ്രീ,രവീന്ദ്രൻ പി.

തളിയിൽ.പുന്നോള്ളതിൽ

2.ശ്രീ ഷാജു സി.എം

ശാന്തി നിവാസ് ആവള.

3.ശ്രീ. ഹരിജിത്ത് കെ.എം

കണ്ണങ്കൈ മീത്തൽ.കായക്കൊടി പി.ഒ

4.ശ്രീ.കെ.വി കുഞ്ഞിരാമൻ

പുളിയത്ത് കല്ലൂർ വീട്ടിൽ.പാലേരി പി.ഒ

5.ശ്രീ.സഫീർ കെ

കുന്നുമ്മൽ.കുറ്റ്യാടി പി.ഒ

6.ശ്രീ.ഹമീദ് ചെറുവേരി

അടുക്കത്ത്.കുറ്റ്യാടി

7.ശ്രീ.സുരേഷ് പി. പരപ്പുമ്മൽ

കാവിലുമ്പാറ

8.ശ്രീ.സത്യനാഥൻ കെ.ടി.കെ

കിഴക്കേടത്ത് താഴെ

കുനിയിൽ

9.ശ്രീ.ബിജു പാറശ്ശേരി

കാവിലുമ്പാറ

10.ശ്രീ. റഫീഖ് കെ.പി

തറോട്ട് കണ്ടിയിൽ .കായക്കൊടി

11.ശങ്കരൻ വി.പി

അടുക്കത്ത്,കുറ്റ്യാടി

അപകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വരൾച്ചാ ദുരിതാശ്വാസം. കുടിവെള്ള വിതരണം പ്രൊജക്ട് നടപ്പിലാക്കിയതിൽ അപാകത

പ്രൊജക്ട് നമ്പർ - 5/20

വകയിരുത്തിയ തുക - 690341

ചെലവുതുക — 690341 (വൗച്ചർ നമ്പർ 21900366 തി.19.9.2019)

നിർവഹണം – സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ വരൾച്ച നേരിടുന്ന മേഖലകളിൽ വാഹനങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനും അതിലൂടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ലക്ഷ്യം വെച്ച് സർക്കാർ നിർദ്ദേശപ്രകാരം നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം കുടിവെള്ള വിതരണത്തിനായി ടെണ്ടർ നടപടികളിലൂടെ ശ്രീകാന്ത് ഇ.കെ എന്നആളെ തെരഞ്ഞെടുക്കുകയും G.P.S. ഘടിപ്പിച്ച 2 ടാങ്കർ ലോറികളിലായി കുടിവെള്ളം വിതരണം ചെയ്തതിന് കിലോമീറ്ററിന് 94 രൂപ പ്രകാരം ടാക്സ് കിഴിവ് ചെയ്ത് 683438 രൂപ ടിയാന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ടുനടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകതകൾ താഴെക്കൊടുക്കുന്നു.

1. ഗ്രാമപഞ്ചായത്ത് പരിധിയിൽ കുടിവെള്ള വിതരണം ചെയ്യുന്നതിനുമുമ്പായി കുടിവെള്ള വിതരണം ഏറ്റെടുത്ത വ്യക്തികൾ/ ഏജൻസികൾ വിതരണം ചെയ്യുന്ന കുടിവെള്ളം അംഗീകൃത ലാബിൽ പരിശോധിച്ച് വിതരണം ചെയ്യുന്നതിന് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. എന്നാൽ ഫയലിൽ ലഭ്യമായ പരിശോധനാറിപ്പോർട്ട് വടകര അടക്കാതെരുവിലുള്ള ഒരു സ്വകാര്യ ലാബിൽ നിന്നുള്ളതാണ്. ഇത് സർക്കാർ അംഗീകൃത ലാബാണെന്നതിന് രേഖകളൊന്നുമില്ല. സ്ഥാപനം 23.3.19 ന് ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ടിൽ പരിശോധനക്ക് ലഭ്യമാക്കിയ കുടിവെള്ളത്തിന്റെ സാമ്പിളിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യമുണ്ടെന്നും, P.H മൂല്യം ആവശ്യമായ അളവിലും കുറവാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
2. ഡിസാസ്റ്റർ മാനേജ്മെന്റ് റവന്യൂവകുപ്പിന്റെ 23.2.17 ലെ787/2017 ഡി.എം.സി ഉത്തരവു പ്രകാരം ജലവിതരണം നടത്തുന്നതിനുപയോഗിച്ച ടാങ്കറിന്റെ വാടക ടാങ്കർ ഉടമക്ക് നൽകുന്നത് G.P.S. ലോഗും പ്രദേശത്തെ വാർഡ് മെമ്പറും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും, വില്ലേജ് ഓഫീസറും ഒപ്പിട്ടുനൽകുന്ന ട്രിപ്പ് ഷീറ്റും ഒത്തുനോക്കി ഉറപ്പുവരുത്തിയായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ കരാറുകാരൻ ലഭ്യമാക്കിയ ട്രിപ്പ്ഷീറ്റിലൊന്നിലും ഓടിയ കിലോമീറ്റർ രേഖപ്പെടുത്തിയിട്ടില്ല. പരിശോധനക്ക് ലഭ്യമാക്കിയ ജി.പി.എസ്. ലോഗ് പരിശോധിച്ചതിൽ 16.4.19 മുതൽ 12.6.19 വരെ KL.18 G 2644 നമ്പർ വാഹനം കുടിവെള്ള വിതരണത്തിനായി ജി.പി.എസ് ഘടിപ്പിച്ചശേഷം ഓടിയ ദൂരം 3311.72 കിലോമീറ്ററും ഘടിപ്പിക്കുന്നതിന് മുമ്പ് ഓടിയ30.4 കി.മി.ഉൾപ്പെടെ ആകെ ഓടിയദൂരം 3342.12 കി.മി.ആണ്. എന്നാൽ തുക അനുവദിച്ച വൗച്ചറിനൊപ്പം ഹാജരാക്കിയ സ്റ്റേറ്റ്മെന്റിൽ വാഹനം ആകെ ഓടിയദൂരം 3499.1 ആയി രേഖപ്പെടുത്തി ആയതിനാണ് കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത്. ഇതിൽ നിന്നും 156.98 കി.മീറ്ററിന്റെ ചാർജ് 94 രൂപ നിരക്കിൽ 14756 രൂപ അധികം നൽകിയതായി കാണുന്നു. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്. അധികം നൽകിയ തുക 14756/- തടസ്സത്തിൽ വെക്കുന്നു.

## 1-13 ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല

2019-20 വർഷത്തിൽ അംഗീകാരം ലഭിച്ച 25 തൻവർഷ മരാമത്ത് പ്രവൃത്തികളിൽ 3

എണ്ണമാണ് നടപ്പാക്കിയത്. ബാക്കി 22 എണ്ണം ഓഡിറ്റ് വർഷം ചെലവ് ഇല്ലാത്തതാണ്. ആകെ 53 സ്പിൽ ഓവർ പ്രോജക്ടുകളിൽ 7 പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. ഓഡിറ്റ് വർഷം വകയിരുത്തിയ ആകെ തുക 29929757 രൂപയാണ്. ഇതിൽ 14372171 രൂപ മാത്രമാണ് ചെലവഴിച്ചത്. ആകെ ചെലവ് 48.02% മാത്രം.

തൻവർഷം ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ എല്ലാറ്റിലും രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന നിരക്കിലും ടെണ്ടർ രേഖപ്പെടുത്തുന്നു. ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളിലും മേൽപ്പറഞ്ഞ രീതിയിൽ രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ലഭിച്ച ടെണ്ടറുകളുടെ എണ്ണവും ക്വോട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി സമയോചിത ഇടപെടൽ നടത്തേണ്ടതും ജാഗ്രത പുലർത്തേണ്ടതുമാണ്.

## 1-14 റോഡ് നിർമാണപ്രവൃത്തികൾ -കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല

റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാർ നേരിട്ട് ബിറ്റുമിൻ വാങ്ങി ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ ഒറിജിനൽ ബിൽ കർശനമായും ഫയലിൽ സൂക്ഷിക്കേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.11.2016-ലെ ജി.ഒ. (ആർടി) 3049/2016 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2019-20 വാർഷിക പദ്ധതിപ്രകാരം നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ ടാർ ബില്ലുകൾ ഫയലിൽ ഇല്ല. ആകയാൽ ബിറ്റുമിൻ വാങ്ങലിന്റെയും അതിന്റെ ഉപയോഗത്തിന്റെയും ആധികാരികത ഉറപ്പാക്കാനായിട്ടില്ല. ബിറ്റുമിൻ ബില്ലുകൾ വർക്ക് ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 കരാറുകാരുടെ ജി എസ് ടി ഇൻവോയിസ് ലഭ്യമല്ല

മരാമത്തു പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമായ നിലവിലുള്ള ഡി എസ് ആർ, കോസ്റ്റ് ഇൻഡിസസ് എന്നിവയിൽ ജി എസ് ടി ഉൾപ്പെട്ടിട്ടുള്ളതാണ്. 12% ജി എസ് ടി കോംപൻസേഷൻ ഉൾപ്പടെയുള്ള തുകക്കാണ് മരാമത്തു പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ആകെ പ്രവൃത്തിമൂല്യത്തിൽ നിന്ന് 2% ജി എസ് ടി, ബില്ലിൽ കുറവു ചെയ്ത ശേഷമാണ് കരാറുകാർക്ക് തുക നൽകുന്നത്. 10% ജി എസ് ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിനാൽ കരാറുകാരിൽ നിന്നും ജി എസ് ടി ഇൻവോയിസ് ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ ടാക്സ് ഇൻവോയിസുകൾ ഇല്ലാതെ തന്നെ ജി എസ് ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകി വരുകയാണ് ചെയ്യുന്നത്. ജി എസ് ടി ഇൻവോയിസ് ലഭ്യമാക്കി നികുതി ഒടുക്കുന്നതിന്റെ കൃത്യത നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തി വിവരം അറയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.3/19-20, തീയതി 21.06.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും ജി.എസ്.ടി ഒടുക്കിയതിന്റെ ഇൻവോയിസ് ലഭ്യമാക്കി വിവരം അറയിക്കേണ്ടതാണ്.

## 1-16 പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ പൊതുന്യൂനതകൾ

1. പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള കരാറുകാരുമായുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
2. കാഷ്ബുക്ക് - സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം എഴുതി ക്ലോസുചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല.
3. പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.
4. പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ബോർഡ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ല.
5. ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ ഓരോ വർഷവും തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കുന്ന രീതി നടപ്പാക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.4/19-20, തീയതി : 21.06.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-17 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP/1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾക്ക് 2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09,2018 ൽ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി)നം.2532/2018/ തസ്വഭവ ഉത്തരവിൽ ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കി വിവരം അറിയിക്കുന്നതിനോടൊപ്പം അപാകതയ്ക്ക് വിശദീകരണം

നൽകേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.5/19-20, തീയതി : 21.06.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേയണ്ടതാണ്.

**1-18 പ്രവൃത്തി പൂർത്തിയാക്കി 4 മാസത്തിനുള്ളിൽ റോഡ് തകർന്നു - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്**

പ്രോജക്ട് നം.100/19-20 – ഒന്ത്യോട് കുളങ്ങരതാഴ റോഡ്

അടങ്കൽ - 698421/-(ധന.കമ്മീ.അവാർഡ്-13421/-, മെ.ഫ.റോഡ് - 685000/-)

ചെലവ് - 698421/-

ബിൽ നം. 132/05.12.2019

എഗ്രിമെന്റ് നം.24/18-19; തീയതി - 16.01.2019

എം.ബുക്ക് നം.291/18-19

പൂർത്തീകരണ തീയതി : 27.02.19

നിർവ്വഹണോദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ

അസി. എഞ്ചിനീയറുടെ കത്ത് നം. LSGD/KYKD/GEN/19-20; തീ.13.06.2019 പ്രകാരം ടി റോഡ്, കുറ്റ്യാടി - തൊട്ടിൽപ്പാലം മെയിൻ റോഡിൽ നിന്നും തുടങ്ങി 50 മീറ്ററിനുള്ളിൽ പൊളിഞ്ഞിട്ടുണ്ടെന്നും ആയതിന്റെ കേടുപാടുകൾ തീർക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും കരാറുകാരനായ ശ്രീ.സുജീവൻ.N.K യോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പണി പൂർത്തിയാക്കി 4 മാസത്തിനുള്ളിൽ റോഡ് തകരാനുള്ള കാരണം വ്യക്തമല്ല.

കരാറുകാരനായ ശ്രീ. സുജീവൻ.N.K, 05.07.2019-ലെ മറുപടി കത്തിൽ, ശക്തമായ മഴ കാരണം പ്രവൃത്തി ചെയ്യാൻ ബുദ്ധിമുട്ടാണെന്നും കത്ത് തീയതി മുതൽ 2 ആഴ്ചകള്ളിൽ മെയിന്റനൻസ് ചെയ്യുമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടികളെക്കുറിച്ചുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

ഈ വിഷയത്തിൻമേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.6/19-20,തീയതി : 21.06.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തി പൂർത്തിയാക്കി 4 മാസത്തിനുള്ളിൽ റോഡ് തകരാനുള്ള സാഹചര്യം വ്യക്തമാക്കുന്നതിനോടൊപ്പം ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

**1-19 ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നുംഗ്രാമ പഞ്ചായത്തിൻറെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമല്ല**

2019-20 സാമ്പത്തിക വർഷം വരെ ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ഈ ഇനത്തിൽ 2019-20 സാമ്പത്തിക വർഷം വരെ ലഭിക്കുവാനുള്ള തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ, ആയതിന്റെ വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.7/19-20, തീയതി : 21.06.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരം അറിയിക്കേണ്ടതാണ്.

**1-20 സ്പിൽഓവർ പദ്ധതികൾ തൻവർഷം പൂർത്തീകരിക്കുന്നില്ല**

ചുവടെ ചേർക്കുന്ന പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ

പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പേര് | അടങ്കൽ |
|---|---|---|---|
| 1 | 132/19-20 | ഉണ്ണ്യത്താംകണ്ടി സാംസ്കാരിക നിലയം | 150000 |
| 2 | 135/19-20 | ഹോമിയോ ആശുപത്രി കെട്ടിടം പൂർത്തീകരണം | 25000 |
| 3 | 140/19-20 | ചിറയിൽമുക്ക് താഴെമുണ്ട്യോട് മാവിലപ്പാടി റോഡ് | 690000 |
| 4 | 155/19-20 | പിലാവുള്ളതിൽ കനാൽ റോഡ് | 720000 |
| 5 | 156/19-20 | പഞ്ചായത്ത് ഓഫീസ് നവീകരണം രണ്ടാംഘട്ടം | 1700000 |
| 6 | 161/19-20 | പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ | 460000 |
| 7 | 162/19-20 | പഞ്ചായത്ത് ഓഫീസ് നവീകരണവും പരിസര സൗന്ദര്യവൽക്കരണവും | 1870000 |

2019-20 വർഷത്തെ പൊതുമരാമത്ത് പദ്ധതികളിൽ 53 എണ്ണവും സ്പിൽ ഓവർ പദ്ധതികളായിരുന്നു. മുൻ വർഷങ്ങളിൽ ഏക വർഷ പ്രൊജക്ടുകളായി ആസൂത്രണം ചെയ്ത പദ്ധതികളിൽ 7 പദ്ധതികൾ നിർവ്വഹണത്തിനായി ഒരു അധിക വർഷം ലഭിച്ചിട്ടും നിർവ്വഹണം നടത്തുന്നതിന് സാധിച്ചിട്ടില്ല. മേൽ പ്രൊജക്ടുകൾക്ക് മാത്രമായി വകയിരുത്തിയ 5615000 രൂപ ഇപ്രകാരം നഷ്ടപ്പെട്ടിട്ടുണ്ട്.

സ്പിൽ ഓവർ പദ്ധതികൾക്ക് ഭരണ-സാങ്കേതിക അനുമതികൾ മുൻകൂറായി ലഭിച്ചിരുന്ന സാഹചര്യത്തിലും പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പ്രവൃത്തി നിർവ്വഹണ കലണ്ടർ തയ്യാറാക്കി പദ്ധതി പ്രവർത്തനങ്ങളിൽ ഇടപെട്ട് മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിലുള്ള പങ്ക് വഹിച്ചിട്ടില്ല. സ്പിൽ ഓവർ പദ്ധതിയായതിനാൽ നടപ്പ് വർഷം പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ലെങ്കിൽ പദ്ധതിയും അടങ്കൽ തുകയും നഷ്ടപ്പെടുന്ന സാഹചര്യം മുൻനിർത്തി മുൻഗണനാ ക്രമത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള നടപടികളുണ്ടായില്ല. ഈ വിഷയത്തിൻമേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.10/19-20, തീയതി:22.06.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

മേൽ പദ്ധതികൾ പൂർത്തിയാക്കാത്തതു കാരണം തൻ വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 5615000 രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ആയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-21 ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ

**എ) ജി.എസ്.ടി പരിഹാരതുക ഒരിക്കൽ ഉൾപ്പെടുത്തിയതിന് ശേഷം വീണ്ടും പ്രത്യേകമായി അനുവദിക്കുന്നു :**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. ഇത് മുഖേന തയ്യാറാക്കിയ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ 10% ഓവർ ഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും കോസ്റ്റ് ഇൻഡെക്സും ഉൾപ്പെടുത്തിയാണ് എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയതെന്ന് വ്യക്തമാണ്.

സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ മോർഡ് പ്രകാരമുള്ള വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആമുഖ ഭാഗത്ത്, അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക്) ഖണ്ഡിക 4-ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% ഉം ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച് കൊണ്ടാണ്. ഓവർ ഹെഡ്സ് ചാർജ്ജ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ധനകാര്യവകുപ്പിന്റെ 01.03.2019 ലെ 18/2019 നമ്പർ സർക്കുലറിലെ നമ്പർ 6 വ്യവസ്ഥ പ്രകാരം എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തിമൂല്യം കണക്കാക്കേണ്ടത് ജി.എസ്.റ്റി ഒഴിവാക്കിയാണ്. നമ്പർ 8 വ്യവസ്ഥ പ്രകാരം, ഭരണാനുമതി ലഭ്യമാക്കേണ്ടത് വ്യവസ്ഥ 6-ൽ സൂചിപ്പിച്ച എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യത്തിന് പുറമേ, ബാധകമായ ജി.എസ്.റ്റി യുടെ തുക പ്രത്യേകമായി ഉൾപ്പെടുത്തിക്കൊണ്ടാണ്. അതിൻപ്രകാരം ജി.എസ്.റ്റി-യ്ക്ക് അടങ്കലിൽ പ്രത്യേക പ്രൊവിഷൻ കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ യാതൊരു ചെലവും വരുന്നില്ല.

26.03.2019 ലെ D83/9058/2017/CE/LSGD നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം PRICE LSGD സോഫ്റ്റ് വെയറിൽ പ്രസ്തുത മാറ്റം വരുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഇതിൻ പ്രകാരം ജി.എസ്.റ്റി. ചെലവിനായി 12% തുക പ്രത്യേകമായി ഉൾപ്പെടുത്തിയാണ് (സ്പിൽ ഓവർ ഒഴികെ) തൻവർഷം വിഭാവനം ചെയ്ത പദ്ധതികൾ നടപ്പാക്കിയത്.

ഓവർ ഹെഡ്സ് ചാർജ്ജിലെ 4% തുക, സെയിൽസ് (ഇപ്പോൾ GST)/ടേൺ ഓവർ ടാക്സ് ചെലവിനു വേണ്ടി ഒരിക്കൽ നീക്കിവച്ചതിനുശേഷം അതേ ചെലവിനുവേണ്ടി അടങ്കലിൽ പ്രത്യേക പ്രൊവിഷൻ പിന്നീട് കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ തുക അധികമായി ലഭിക്കുന്നു. ജി.എസ്.ടി ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ പരിഹാര തുക കരാറുകാരന് നൽകുന്നത് അനർഹമായ തുക നല്കലാണ്. അനവധി പദ്ധതികൾ നടപ്പാക്കുന്നതിനാൽ ഗണ്യമായ തുകയുടെ നഷ്ടമാണ് ഗ്രാമപഞ്ചായത്തിനുണ്ടാകുന്നത്.

ബി) <u>വലിയ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവർത്തികൾക്കും നൽകുന്നു</u>

പഞ്ചായത്തിന്റെ റോഡ് നിർമാണ പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന മിക്ക ഇനങ്ങളുടെ കാര്യത്തിലും ഭാഗിക ചെലവോ ചെലവു വരാൻ സാധ്യത ഇല്ലാത്തതായോ കാണാം. ഒരു വലിയ റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാൻ സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിലുള്ള റോഡുകൾക്ക് ദൈർഘ്യവും വീതിയും കുറവാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വേണ്ടി വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD സോഫ്റ്റ്‌വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ശ്രദ്ധേയമാണ്. ആയതിനാൽ അനർഹമായി ഓവർഹെഡ് ചാർജ്ജ് അനുവദിച്ചതിന് വിശദീകരണം ആവശ്യമാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.11/19-20, തീയതി : 22.06.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്.

## <u>1-22 മോണിട്ടറിംഗ് സമിതി റിപ്പോർട്ടുകളില്ല</u>

അസി എഞ്ചിനീയർ തൻവർഷം നടപ്പാക്കുന്നതിനായി 78 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 49 പദ്ധതികളാണ് പൂർത്തീകരിച്ചത്. ആയതിൽ 44 പദ്ധതികൾക്ക് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടില്ലാതെ തന്നെ അളവ് ബുക്ക് പ്രകാരമുള്ള തുക പൂർണ്ണമായി നൽകിയിരിക്കുന്നു.

അവശേഷിക്കുന്നവയിൽ 2 പ്രവൃത്തികളുടെ മോണിട്ടറിംഗ് സമിതി റിപ്പോർട്ടിൽ ചെയർമാൻ മാത്രമാണ് ഒപ്പിട്ടിരിക്കുന്നത്. മെമ്പർമാരും കൺവീനറും ഉൾപ്പെടുന്ന പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പാണ് മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. തൻവർഷം ഒരു തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പ് കൂടിയിട്ടുള്ളത് എന്നുള്ളത് ഗൗരവമായി കാണേണ്ടതാണ്.
നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ചുള്ള ചർച്ചകളോ നടപ്പാക്കിയ പദ്ധതികളുടെ അവലോകനമോ വർക്കിംഗ് ഗ്രൂപ്പിൽ നടത്തിയിട്ടില്ല. ഫലത്തിൽ പദ്ധതി രൂപീകരണത്തിലും പ്രവർത്തനങ്ങളിലും കാര്യമായ യാതൊരു ഇടപെടലും വർക്കിംഗ് ഗ്രൂപ്പ്/ മോണിട്ടറിംഗ് സമിതി നടത്തുന്നില്ല. മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടില്ലാതെ തന്നെ അളവ് ബുക്ക് പ്രകാരമുള്ള തുക പൂർണ്ണമായി നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.13/19-20, തീയതി : 22.06.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. പഞ്ചായത്തിന്റെ പദ്ധതി രൂപീകരണ, നിർവ്വഹണ പ്രക്രിയയിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ സജീവമായ ഇടപെടൽ അനിവാര്യമാണെന്ന് ഓർമ്മിപ്പിക്കുന്നു.

## <u>1-23 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല</u>

2019-20 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 123/19-20 | തെറ്റത്ത് വയൽ റോഡ് | 249336 | 249336 |
| 137/19-20 | ചളിയിൽതോട് പടിഞ്ഞാറെ പാലയാട് റോഡ് | 425000 | 425000 |
| 160/19-20 | മാത്തുംതറ കൊയിറ്റിക്കണ്ടി റോഡ് - റീച്ച് 2 | 180180 | 180180 |
| 193/19-20 | ആലത്തോട്ടത്തിൽ റോഡ് | 400000 | 399532 |
| 180/19-20 | കണ്ട്കണ്ടത്തിൽതാഴ പോത്കണ്ടിതാഴ റോഡ് വാർഡ് 15 | 300000 | 300000 |

പ്രവർത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻേഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവർത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു.

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവർത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.14/19-20, തീയതി: 23.06.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## 1-24 റിവൈസ്ഡ് എസ്റ്റിമേറ്റ് വ്യാപകമായി തയ്യാറാക്കുന്നു

അസിസ്റ്റന്റ് എഞ്ചിനിയർ 2019-20 സാമ്പത്തിക വർഷം നടപ്പാക്കിയ 49 പദ്ധതികളിൽ 15

എണ്ണത്തിനും റിവൈസ്ഡ് എസ്റ്റിമേററ് തയ്യാറാക്കിയിരിക്കുന്നു. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നം. | പ്രോജക്ട് നം. | പേര് | അടങ്കൽ |
|---|---|---|---|
| 1 | 103/19-20 | ചുർക്കുഴി എള്ളീക്കാംപാറ റോഡ് | 495000 |
| 2 | 108/19-20 | ഹോമിയോ ആശുപത്രി പൂർത്തീകരണം | 750000 |
| 3 | 111/19-20 | കുന്നോത്തുകുന്ന് ലക്ഷംവീട് റോഡ് | 169841 |
| 4 | 112/19-20 | ഉണ്ണ്യത്താംകണ്ടി കോളനി നടപ്പാത | 132571 |
| 5 | 117/19-20 | അംഗനവാടികളുടെ നവീകരണം | 11552593 |
| 6 | 119/19-20 | വെണ്ടേങ്ങോട്ടുചാൽ നീലിയോട്ട് റോഡ് | 397697 |
| 7 | 120/19-20 | ഈന്തുള്ളതറ കട്ടിപ്പാറ റോഡ് | 350000 |
| 8 | 123/19-20 | തറ്റത്ത് വയൽ റോഡ് | 249336 |
| 9 | 126/19-20 | ചക്കരത്തോട് ഈച്ചക്കുന്നുമ്മൽ റോഡ് ടാറിംഗ് | 700000 |
| 10 | 127/19-20 | മഠത്തിൽത്താഴ കോയിറ്റിക്കണ്ടി റോഡ് ടാറിംഗ് | 199997 |
| 11 | 129/19-20 | അജൈവമാലിന്യ ശേഖര കേന്ദ്ര കെട്ടിട നിർമാണം | 426000 |
| 12 | 130/19-20 | എടച്ചേരിക്കണ്ടി മുക്ക് ആശാരിക്കണ്ടി റോഡ് മെറ്റലിംഗ് ടാറിംഗ് | 199701 |
| 13 | 131/19-20 | ഐ.എച്ച്.ഡി.പി കോളനി സാംസ്കാരിക നിലയം നവീകരണം | 51700 |
| 14 | 138/19-20 | താഴെ ഏച്ചിൽകണ്ടി കട്ടിപ്പാറ റോഡ് | 515928 |
| 15 | 144/19-20 | മുക്കിൽപീടിക ചെറുകുന്ന് റോഡ് | 400000 |

എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്തതിന്റെ സാഹചര്യം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.15/19-20, തീയതി: 23.06.2021-ന്

മറുപടി സമർപ്പിച്ചിട്ടില്ല. വ്യാപകമായി എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

1-25 കടത്തനാട്ട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് തുക ബാങ്കിൽ നിക്ഷേപിച്ചു-തുടർ വിവരം ലഭ്യമായില്ല.

പ്രൊജക്ട് നമ്പർ- 184/20

വകയിരുത്തിയ തുക- 500000

ചെലവുതുക- 500000 (ചെക്ക് നമ്പർ 2546524 തി 30.3.20)

നിർവഹണം - കൃഷി ഓഫീസർ

ജില്ലാ വ്യവസായകേന്ദ്രം മാനേജർ നിർവഹണ ഉദ്യോഗസ്ഥനായി ജില്ലാപഞ്ചായത്തും, കുന്നുമ്മൽ ,തൂണേരി ബ്ലോക്ക് പഞ്ചായത്തുകളും അവക്കു കീഴിൽ വരുന്ന പഞ്ചായത്തുകളും ചേർന്ന് നടപ്പിലാക്കുന്ന പ്രൊജക്ടിന് കായക്കൊടി ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിന് കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടാണിത്. മേൽ പ്രൊജക്ടുപ്രകാരം പഞ്ചായത്തു റിവോൾവിംഗ് ഫണ്ടിനത്തിൽ 5 ലക്ഷം രൂപ കടത്തനാട്ട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ പേരിൽ K.D.C ബാങ്കിലുള്ള എകൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.ഇതുമായി ബന്ധപ്പെട്ട് ജില്ലാപഞ്ചായത്തിന്റെ പ്രൊജക്ട് പരിശോധനക്ക് ലഭ്യമായിട്ടില്ല. ആയതിനാൽതന്നെ പ്രൊജക്ടിന്റെ വിശദാംശങ്ങളോ, മൊത്തം അടങ്കൽ തുകയോ ലഭ്യമല്ല. ഫയലിൽ ലഭ്യമായ ജില്ലാവ്യവസായ കേന്ദ്രം മാനേജരും, പ്രൊഡ്യൂസർ കമ്പനിയുമായി ഒപ്പിട്ട കരാറിന്റ പകർപ്പ് പരിശോധിച്ചതിൽ സർക്കാരിന്റെ പ്രത്യേക അനുമതിയോടുകൂടി സർക്കാരിന്റ പ്രത്യേക നിബന്ധനകളോടുകൂടി നടപ്പാക്കാനനുവാദം നൽകിയ പ്രൊജക്ടാണിതെന്നും ആയതിന് ജില്ലാപഞ്ചായത്ത് വിഹിതമായി 15 ലക്ഷം രൂപ വകയിരുത്താൻ അനുവാദം ലഭിച്ചതായും കാണുന്നു. പ്രൊജക്ടിന് അനുവാദം നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് പരിശോധനക്ക് ലഭ്യമായിട്ടില്ല. ആയതിനാൽ പ്രസ്തുത ഉത്തരവിൽ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾക്ക് മേൽ പ്രൊജക്ടിന് തുക വകയിരുത്താൻ അനുവാദമുണ്ടോഎന്ന് വ്യക്തമല്ല. ജില്ലാപഞ്ചായത്ത് ഉൾപ്പെടെ യുള്ള മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വിഹിതം അടവാക്കി പ്രൊജക്ട് പൂർണ തോതിൽ നടപ്പിലായോ എന്നുംവ്യക്തമല്ല. പ്രൊജക്ടിന്റെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതും പ്രൊജക്ട് നടപ്പിലാവാത്തപക്ഷം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതുമാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക 500000 രൂപ തടസ്സത്തിൽ വെക്കുന്നു.

1-26 കേരകൃഷി വികസനം-ജൈവവളത്തിന്റെ വില നിർണയിച്ചതിൽ അവ്യക്തത.

പ്രൊജക്ട് നമ്പർ –22/19-20

വകയിരുത്തിയ തുക- 655122

ചെലവുതുക- 488098 (ബിൽ നമ്പർ 1/19-20 തി 18.1.20)

നിർവഹണം- കൃഷി ഓഫീസർ

പഞ്ചായത്ത് പരിധിയിലുള്ള 45 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിക്ക് സബ്സിഡി നിരക്കിൽ ജൈവവളവും ,കുമ്മായവും ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്ന മേൽ പ്രൊജക്ട് പ്രകാരം 295 കർഷകർക്ക് 25948 കി.ഗ്രാം .ന്യൂട്രിഫിഷ് കിലോക്ക് 19.50 രൂപ നിരക്കിലും 9321 കി,ഗ്രം കുമ്മായം കിലോക്ക് 16 രൂപ പ്രകാരവും വിതരണം ചെയ്തതിന് 75% സബ്സിഡി ഇനത്തിൽ 488098 രൂപ ആയത് വിതരണംചെയ്ത കാവിലുംപാറ സർവീസ് സഹകരണബാങ്കിന് കൈമാറിയിട്ടുണ്ട്. അംഗീകൃതനിരക്ക് ഇല്ലാത്ത ജൈവവളത്തിനും, കുമ്മായത്തിനും ബാങ്ക് നിശ്ചയിച്ച നിരക്കിലാണ്

ഗുണഭോക്താക്കൾക്ക് വിതരണംചെയ്തിരിക്കുന്നത്. ആയതിന്റെ വില എങ്ങനെ നിർണയിച്ചു എന്ന് വ്യക്തമല്ല.19.6.19 ന് ചേർന്ന പ്രൊക്യുയർമെന്റ് കമ്മറ്റിയോഗത്തിൽ ജൈവവളം കാവിലുംപാറ സർവീസ് സഹകരണബാങ്ക് മുഖേന വിതരണം ചെയ്യാൻ തീരുമാനിച്ചതല്ലാതെ ആയതിന്റെ വില സംബന്ധിച്ച തീരുമാനമൊന്നും കൈകൊണ്ടതായി കാണുന്നില്ല.ഇത്തരം വളങ്ങളുടെ വില ജില്ലാതലത്തിൽ നിർണയിച്ചുനൽകണമെന്ന് പദ്ധതി മാർഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആയത് ലഭ്യമല്ലാത്തതിനാൽ സർക്കാർ മാർഗ നിർദ്ദേശം പാലിച്ചോ എന്ന് വ്യക്തമല്ല.

ജൈവവളം വിതരണംചെയ്യുന്നതിനായി ഗുണഭോക്താക്കൾക്ക് അനുവദിച്ച പെർമിറ്റിന്റെ കോപ്പികൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് ,ആകെ അനുവദിച്ച ജൈവവളത്തിന്റെ വിവരം, അനുവദിച്ച സബ്സിഡി എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരുസ്റ്റേറ്റ് മെന്റ് മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിരിക്കുന്നത്.

ജൈവവളം, കുമ്മായം എന്നിവയുടെ വില നിർണയിച്ചതിന്റെ വിശദാംശം ലഭ്യമാക്കുന്നതോടൊപ്പം ഗുണഭോക്താക്കൾക്ക് അനുവദിച്ച ജൈവവളത്തിന്റെയും കുമ്മായത്തിന്റെയും പെർമിറ്റിന്റെ കോപ്പി പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. ചെലവുതുക 488098 രൂപ തടസ്സത്തിൽ വെക്കുന്നു.

<u>1-27 ബഡ്സ് സ്കൂളിന് അടിസ്ഥാന സൗകര്യമൊരുക്കി പ്രവർത്തനക്ഷമമാക്കിയില്ല.</u>

പ്രൊജക്ട് നമ്പർ- 165/20

വകയിരുത്തിയ തുക- 1250000

ചെലവുതുക- ഇല്ല

നിർവഹണ ഉദ്യോഗസ്ഥൻ- I.C.D.S. സൂപ്പർ വൈസർ

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾക്കും സ്ഥാപനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി തയ്യാറാക്കിയതാണ് മേൽ പ്രൊജക്ട്.നിലവിൽ പ്രവർത്തനമില്ലാതെ കിടക്കുന്ന പഴയ ശിശുമന്ദിരം കെട്ടിട ത്തിലാണ് ബഡ്സ് സ്കൂൾ തുടങ്ങാനുദ്ദേശിച്ചിരിക്കുന്നതെന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചു. 26.6.19 ന് ചേർന്ന ഭരണസമിതി യോഗത്തിൽ ബഡ്സ് സ്കൂളിന് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസറെ ചുമതലപ്പെടുത്തിയതായി കാണുന്നു.എന്നാൽ ഈ വിഷയത്തിൽ സൂപ്പർവൈസർ തുടർ നടപടികളൊന്നും കൈകൊണ്ട് കാണുന്നില്ല. കൂടാതെ 12.11.19 ന് കൂടിയ ഭരണസമിതി യോഗത്തിൽ പുതുതായി ആരംഭിക്കുന്ന സ്കൂളിന് ഒരു ടീച്ചറെ നിയമിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളാൻ കുടുംബശ്രീ ജില്ലാജില്ലാമിഷനോട് ആവശ്യപ്പെടുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 20-21സാമ്പത്തിക വർഷത്തിൽ ടീച്ചറെ തിരഞ്ഞെടുക്കയും ചെയ്തിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷത്തിൽ മേൽ പ്രൊജക്ടിൽ തുടർ നടപടികളില്ലാത്തതിനാൻ അടിസ്ഥാന സൗകര്യമൊരുക്കാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല തുടർ സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി തുക വകയിരുത്തിയെങ്കിലും യാതോരുപ്രവർത്തനവും നടന്നുകാണുന്നില്ല. ഇതുമൂലം 2018-19 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ മുഖേന പ്രസ്തുത ആവശ്യത്തിന് ലഭ്യമായ 1250000 രൂപ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിച്ചിരിക്കയാണ്. പഞ്ചായത്ത് പരിധിയിലുള്ള ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് നിലവിൽ തൊട്ടടുത്ത ഗ്രാമപഞ്ചായത്തിലുള്ള സ്ഥാപനത്തെ ആശ്രയിക്കേണ്ടതായി വരുന്നു. ബഡ്സ് സ്കൂളിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കും, അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾക്ക് ഫണ്ട് വകയിരുത്തി പ്രൊജക്ട് തയ്യാറാക്കിയിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും ആവശ്യമായ നടപടികൾ സ്വീകരിക്കാതെ

പ്രസ്തുതാവശ്യത്തിന് അനുവദിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നതിന് കാരണം വിശദമാക്കേണ്ടതാണ്.

## 1-28 പട്ടികജാതിക്കാർക്ക് വീട് വയറിംഗ്. പ്രൊജക്ട് നടത്തിപ്പിൽ അപാകത

പ്രൊജക്ട് നമ്പർ. 10/19-20

വകയിരുത്തിയ തുക- 90000

ചെലവുതുക- 27000( ബിൽ നമ്പർ 4/19-20 തി18.1.20, 10/26.3.20, 11/30.3.20)

നിർവഹണം - അസി.സെക്രട്ടറി

മേൽ പ്രൊജക്ട് പ്രകാരം അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 3 പട്ടികജാതി ഗുണഭോക്താക്കൾക്ക് വീട് വയറിംഗിനായി 9000 രൂപ വീതം 27000 രൂപ കൈമാറിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ ഗുണഭോക്താക്കൾക്ക് തുക കൈമാറിയതായി കാണുന്നു.

1. സ.ഉ.നം 22/18 ത.സ്വ.ഭ.വ.തിയ്യതി 14.2.18 ഖണ്ഡിക 6.7 പ്രകാരം മെയിൻസ്വിച്ച്. എർത്തിംഗ് എന്നിവക്കെ പുറമെ കുറഞ്ഞത് 3 പോയിന്റ് വയറിംഗ് നടത്തിയതായി വി.ഇ.ഒ/ ഓവർസിയർ സാക്ഷ്യപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും അത്തരമൊരു സാക്ഷ്യപത്രം ഹാജരാക്കി കാണുന്നില്ല.
2. വയറിംഗ് നടത്തിയശേഷം K.S.E.B.യിൽ C.D. അടവാക്കിയതിന്റെ രേഖകൾ കിളച്ചപറമ്പത്ത് കുഞ്ഞിരാമൻ, താവോട്ട് കുന്നമ്മൽ ചോയി എന്നീഗുണഭോക്താക്കൾ ഹാജരാക്കിയിട്ടില്ല.
3. വീട് വയറംഗ് ആനുകൂല്യം നൽകുന്നതിന് മുമ്പ് വീടിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണെങ്കിലും മുകളിൽ കാണിച്ച രണ്ട് ഗുണഭോക്താക്കളും അപേക്ഷയോടൊപ്പം ആയത്ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. രണ്ട് ഗുണഭോക്താക്കൾക്ക് അനുവദിച്ച 18000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-29 സംയുക്ത പ്രൊജക്ടുകൾക്കായുള്ള ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

പഞ്ചായത്തിന്റെ സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകൾ പരിശോധിച്ചതിൽ സംയുക്ത പ്രൊജക്ടുകൾക്കായുള്ള ജോയിന്റ് വെഞ്ചർ എക്കൌണ്ടിൽ 1690535 രൂപ നീക്കിയിരിപ്പുകാണുന്നു. നീക്കിയിരിപ്പ തുകയിൽ മുൻവർഷങ്ങളിൽ ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ ലഭ്യമായ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 262037 രൂപയുടെയും, ബ്ലോക്ക്പഞ്ചായത്ത് വിഹിതമിനത്തിൽ ലഭ്യമായ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 198831 രൂപയുടെയും അടക്കം 460868 രൂപയുടെ വിശദവിവരം മാത്രമെ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ളൂ. അവശേഷിക്കുന്ന 1229667 രൂപ ഏതെല്ലാം പ്രൊജക്ടുകൾക്കായി ഏത് സാമ്പത്തിക വർഷത്തിൽ വന്നതുകയാണെന്നത് സംബന്ധിച്ചോ, ജോയിന്റ് വെഞ്ചർ എക്കൌണ്ടിൽ മറ്റേതെങ്കിലും ആവശ്യത്തിന് വന്ന തുക ചെലവഴിക്കാതെ കിടക്കുന്നുണ്ടോ എന്നതു സംബന്ധിച്ചും യാതൊരുവിവരവും പഞ്ചായത്തിൽ ലഭ്യമല്ല. ആയത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തി എകൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിട്ടപ്പെടുത്തി ആയത് ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടവാക്കേണ്ടതാണ്.

## 1-30 മുൻകുറ്റകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം | വർഷം | തീയതി | തുക | കൈപ്പറ്റിയ ആളിന്റെ പേര്/സ്ഥാപനം | ഇനം |
|---|---|---|---|---|---|
| 1 | 2014-15 | 01.09.2014 | 6000 | ശ്രീ.സതീഷ്.ടി.ടി സീനിയർ ക്ലാർക്ക് | ഓണം അഡ്വാൻസ് |
| 2 | 2015-16 | 03.08.2015 | 1000 | ശ്രീ.ടി ടി നാണു പ്രസിഡന്റ് | ടി.എ അഡ്വാൻസ് |
| 3 | 2018-19 | 07.04.2018 | 1000 | ശ്രീമതി.അശ്വതി.കെ.ടി. പ്രസിഡന്റ് | ടി.എ അഡ്വാൻസ് |
| 4 | 2018-19 | 19.11.2018 | 1000 | ശ്രീമതി. അശ്വതി കെ.ടി. പ്രസിഡന്റ് | ടി.എ അഡ്വാൻസ് |

മേൽ കാണിച്ചിരിക്കുന്ന മുൻകൂറുകൾ നാളിതുവരെയായി ക്രമീകരിച്ചതായി കാണുന്നില്ല. ആയവ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-31 മരം മുറിച്ചു മാറ്റൽ -തുടർനടപടികൾ ലഭ്യമല്ല

കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തനത് ഫണ്ട് പരിശോധിച്ചതിൽ മരം മുറിച്ചുമാറ്റുന്നതിന് താഴെ പറയുംപ്രകാരം കൂലി നൽകിയതായി കാണുന്നു.

| ക്രമ നം | വൗച്ചർ നം | തിയ്യതി | തുക |
|---|---|---|---|
| 1 | 21900173 | 24.06.2019 | 2500/- |
| 2 | 21900225 | 19.07.2019 | 2500/- |
| 3 | 21900363 | 18.09.2019 | 5000/- |
| 4 | 21900371 | 24.09.2019 | 4000/- |
| ആകെ തുക | | | 14000/- |

മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-32 ക്ഷീരഗ്രാമം പദ്ധതി നടത്തിപ്പിലെ അപാകതകൾ

2019-20 വർഷം കായക്കൊടി ഗ്രാമപഞ്ചായത്തിലെ ഡയറി ഫാം ഇൻസ്റ്റക്ടർ നടപ്പിലാക്കിയ "ക്ഷീരഗ്രാമം" (പൊതു വിഭാഗം-വനിത, പ്രൊജക്ട് നം-31/19-20. അടങ്കൽ തുക-1925000/-) പദ്ധതിയിൽ 11 വനിതകൾക്ക് പശുവിനെ വിതരണം ചെയ്യുന്നതിനായി 182500/-രൂപ ചെലവഴിച്ചിണ്ട്. ഓരോ ഗുണഭോക്താവിനും 55000/- രൂപ വിലയുള്ള പശു വാങ്ങുന്നതിനായി 27500/- രൂപയാണ് സബ്സിഡിയായി നിശ്ചയിച്ചത്.

| ബിൽ നം | തിയ്യതി | തുക |
|---|---|---|
| 2/19-20 | 22.02.2020 | 50000/- |
| 4/19-20 | 05.03.2020 | 50000/- |
| 7/19-20 | 31.03.2020 | 37500/- |
| 8/19-20 | 31.03.2020 | 45000/-(ജില്ല പഞ്ചാ) |
| ആകെ | | 182500/- |

ഇതിൽ 8 പേർക്ക് 12500/- രൂപ വീതവും 3 പേർക്ക് 27500/-രൂപയും നൽകിയിട്ടുണ്ട്. 27500/- രൂപയിൽ അവശേഷിക്കുന്ന തുകയായ 15000/- രൂപ 2020-21 സാമ്പത്തിക വർഷം 8 പേർക്കും നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1. പശുവിനെ വാങ്ങുമ്പോൾ തുക പശുവിനെ വിറ്റ ആളിന്റെ പേരിൽ നൽകുന്നതിന് പകരം ഗുണഭോക്താവിന്റെ എക്കൗണ്ടിലേക്ക് കൈമാറുകയാണ് ചെയ്തത്.
2. ഗുണഭോക്താക്കളുടെ അപേക്ഷയല്ലാതെ മറ്റു രേഖകളൊന്നും തന്നെ (അർഹത തെളിയിക്കുന്ന രേഖകൾ)ഫയലിൽ ലഭ്യമല്ല.
3. വാങ്ങിയ പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 182500/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-33 ഇടപാടുകളൊന്നുമില്ലാതെ വൻ തുക എസ്.ബി അക്കൗണ്ടിൽ സൂക്ഷിച്ചതുവഴി പലിശ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുമായിരുന്ന വരുമാനം നഷ്ടപ്പെടുത്തി.

കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിലെ ഓൺഫണ്ട് സേവിംഗ്സ്ബാങ്ക് അക്കൗണ്ട് നം-66 പ്രകാരമുള്ള അക്കൗണ്ടിലെ 14-02 18 ലെ ബാലൻസ് തുക 3706090 രൂപയായിരുന്നു. മേൽ തീയതിക്കുശേഷം പ്രസ്തുത അക്കൗണ്ടിൽ അടുത്ത ഇടപാട് നടക്കുന്നത് 3-4-2021 നാണ് . ബാങ്ക് പാസ്സ്ബുക്ക് പരിശോധിച്ചതിൽ 31-3-20 ന് അക്കൗണ്ടിൽ പലിശയടക്കം ബാലൻസായി 4378345 രൂപ ഉണ്ടായിരുന്നു. അതായത് ഓഡിറ്റ് കാലയളവിൽ വൻതുക ട്രാൻസാക്ഷൻ ഒന്നുമില്ലാതെയും, വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാതെയും എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കുകയായിരുന്നു. പാസ്ബുക്ക് പരിശോധിച്ചതിൽ മേൽ കാലയളവിൽ പ്രസ്തുത എസ്.ബി

നിക്ഷേപത്തിന് 3.99% നിരക്കിലുള്ള പലിശ മാത്രമാണ് ലഭിച്ചിട്ടുള്ളത്. മറ്റ് ആവശ്യങ്ങൾ ഒന്നുമില്ലാതിരുന്നിട്ടും മേൽ തുക എഫ്.ഡി നിക്ഷേപമാക്കി മാറ്റാതെ എസ്.ബി അക്കൗണ്ടിൽ തന്നെ സൂക്ഷിച്ചത് വഴി പലിശ ഇനത്തിൽ ലഭിക്കുമായിരുന്ന തുക പഞ്ചായത്തിന് നഷ്ടപ്പെടുന്നതിനിടയാക്കി. ഇതേ കാലയളവിൽ തന്നെ കായക്കൊടി സർവ്വീസ് സഹകരണ ബാങ്കിലുണ്ടായിരുന്ന 707382 രൂപ സ്ഥിരനിക്ഷേപത്തിന് 8.5% നിരക്കിലാണ് പലിശ ലഭിച്ചിട്ടുള്ളത് എന്നിരിക്കെയാണ് മേൽപ്രകാരം തുക സ്ഥിരനിക്ഷേപമാക്കി മാറ്റാതിരുന്നത്.

## 1-34 വി.ഇ.ഒ നിർവ്വഹണം ചെയ്ത പദ്ധതികളിലെ അപാകതകൾ

### 1-ലൈഫ് ഭവന പദ്ധതി മുഴുവൻ ചെലവുകളും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല.

വി.ഇ.ഒ നിർവ്വഹണം ചെയ്ത ലൈഫ് ഭവനപദ്ധതിയ്ക്കായി ചെലവഴിച്ച സംസ്ഥാനവിഹിതം, ഹഡ്കോ വായ്പ ഇനത്തിലുള്ള മുഴുവൻ ചെലവുകളും സുലേഖ പ്രോജക്റ്റ് എക്സ്പെൻറീച്ചർ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം,പേര് | അടങ്കൽ | സുലേഖ ചെലവ് പത്രികപ്രകാരം ചെലവ് | യഥാർത്ഥ ചെലവ് | |
|---|---|---|---|---|
| 98 ലൈഫ് ഭവനപദ്ധതി-പട്ടികജാതി | 941992. (32386-വികസന ഫണ്ട്, 29606-എസ്.സി.പി, 880000-മറ്റുള്ളവ) | 61992 (32386-വികസന ഫണ്ട്, 29606-എസ്.സി.പി). | 161992. (32386-വികസന ഫണ്ട്, 29606-എസ്.സി.പി, 100000-മറ്റുള്ളവ) | സംസ്ഥാന വിഹിതമായി ചെലവഴിച്ച 100000 രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടില്ല |
| 106 ലൈഫ് ഭവനപദ്ധതി | 27824500. (49258-വികസന ഫണ്ട്, 2482621-ബ്ളോക്ക് പഞ്ചായത്ത് വിഹിതം, 642621-ജില്ലാ പഞ്ചായത്ത് വിഹിതം, 24650000-മറ്റുള്ളവ). | 18356651. (49258-വികസനഫണ്ട്, 1000000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 80000-ജില്ലാ പഞ്ചായത്ത് വിഹിതം, 17227393-മറ്റുള്ളവ). | 19296651. (49258-വികസനഫണ്ട്, 1000000-ബ്ളോക്ക് പഞ്ചായത്ത് വിഹിതം, 80000-ജില്ലാ പഞ്ചായത്ത് വിഹിതം,1 8167393-മറ്റുള്ളവ). | ഹഡ്കോ വായ്പ ഇനത്തിൽ ചെലവുള്ള 940000 രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടില്ല |

### 2-വീട് വാസയോഗ്യമാക്കൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീയാവുന്നില്ല.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി മൂന്ന് പദ്ധതികളാണ് ഓഡിറ്റ് വർഷം അംഗീകാരം തേടി നടപ്പാക്കിയിട്ടുള്ളത് വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| പ്രോജക്റ്റ് നം | പേര് | ഗുണ ഭോക്താക്കൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 105 | വീട് വാസയോഗ്യമാക്കൽ – പട്ടികജാതി(സ്പിൽഓവർ) | 1 | 150000 | 75000 |
| 20 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (പുതിയത്) | 3 | 300000 | 150000 |
| 104 | വീട് വാസയോഗ്യമാക്കൽ പട്ടികജാതി | 1 | 75000 | 75000 |

| | (സ്പിൽ ഓവർ) | | | |
|---|---|---|---|---|

വീട് വാസയോഗ്യമാക്കൽ പദ്ധതികളിൽ രണ്ടെണ്ണം സ്പിൽ ഓവർ പദ്ധതിയും ഒന്ന് പുതിയ പദ്ധതിയുമാണ് നടപ്പിലാക്കിയത്.വളരെ കുറച്ച് ഗുണഭോക്താക്കളേ പദ്ധതികൾക്കായി ഉള്ളൂ എന്നിരുന്നിട്ടും പദ്ധതികൾ തൻ വർഷം തന്നെ പൂർത്തിയാക്കാൻ കഴിയാതെ പോവുകയും സ്പിൽ ഓവർ പദ്ധതികളായി പൂർത്തിയാക്കേണ്ടി വന്നതിനാൽ പദ്ധതികൊണ്ട് ഉദ്ദേശിച്ച ഗുണഫലം ലഭ്യമാക്കാൻ കഴിയാതെ പോവുകയും ചെയ്തു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 22.06.2021-23.06.2021 | ഇതൊന്നിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | 25/19-20. പാലുല്പാദനത്തിന് പ്രോത്സാഹനം | 200000 | 0 |
| | 2019-20 | 300000 | 38/19-20.ശാരീരിക മാനസിക വെല്ലുവിളി | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| | 2019-20 | 1000000 | 106/19-20.ലൈഫ് ഭവന പദ്ധതി-പട്ടികജാതി | 1000000 | 0 |
| സെക്രട്ടറി ജില്ലാ പഞ്ചായത്ത് | 2019-20 | 45000 | 31/19-20. ക്ഷീര ഗ്രാമം | 45000 | 0 |
| | 2019-20 | 1682636 | 14/19-20.ലൈഫ് ഭവനപദ്ധതി | 1682636 | 0 |
| | 2019-20 | 80000 | 106/19-20. ലൈഫ് ഭവനപദ്ധതി | 80000 | 0 |
| | 2019-20 | 300000 | 38/19-20. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |

സംയുക്ത പ്രോജക്ടുകൾക്കുള്ള ജോയിന്റ് വെഞ്ച്വർ അക്കൌണ്ടിൽ 16,90,535/- രൂപ നീക്കിയിരിപ്പ് ഉണ്ട്. (ഖണ്ഡിക 1-29 കാണുക)

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം വായ്പയിനത്തിൽ 11262000/- രൂപയുടെ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (കെ.യു.ആർ.ഡി.എഫ്.സി ലോൺ) | ജി.ഒ (എം.എസ്) 68/2018 തസ്വഭവ തി-18.05.2018 | | 11942607 | 11262000/ | 1401611 | | 22516232/- |

(കുറിപ്പ്-വാർഷിക ധനകാര്യ പത്രിക പ്രകാരം കെ.യു.ആർ.ഡി.എഫ്.സി ലോൺ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക 22516232/- രൂപയാണ്.ലോൺ ഇനത്തിൽ സർക്കാർ ഈടാക്കിയ 713263/- രൂപ ഉൾപ്പെട്ടിട്ടില്ല.)

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 732382 |
| തൻവർഷം നിക്ഷേപിച്ച തുക | 60206 |
| ആകെ | 792588 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 792588 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | നാദാപുരം സഹകരണ ഹോസ്പിറ്റൽഷെയർ നം-321,337 | 20.04.1999, 12.08.1997 | | 25000 | |
| 2 | കായക്കൊടി സർവ്വീസ് സഹകരണ ബാങ്ക് FDR No- | 28.03.2020 | 1 | 767588 | |
| ആകെ | | | | 792588 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 50 | 2003-04 | 11(4) | ജല വകുപ്പിന്റെ സ്ഥലത്ത് അനുമതിയില്ലാതെ കെട്ടിടം പണിതു | കെട്ടിടം വിട്ടു കിട്ടുന്നതിന് അടിയന്തര നടപടികൾ പഞ്ചായത്ത് വകുപ്പ് സ്വീകരിച്ച് |

| | | | | | |
|---|---|---|---|---|---|
| | | | | | റിപ്പോർട്ട് നൽകാൻ ശുപാർശ |
| 1999-00 | 33 | 2003-04 | 11.13.1.6 | പൊതു പരാമർശങ്ങൾ – തൊഴിൽ യൂണിറ്റുകൾ പരാജയം-പദ്ധതി പണം ദുർവിനിയോഗം ചെയ്തു.<br>ബേക്കറി യൂണിറ്റ് പ്രവർത്തനം നടത്തിയില്ല | |
| 1999-00 | 35 | 2003-04 | 11.13.5.2 | മൈത്രി ഭവന പദ്ധതി – ഉത്തരവാദിത്വം നിറവേറ്റിയില്ല വീട് പൂർത്തിയാക്കിയത് സംബന്ധിച്ച് വിവരമില്ല | |
| 1999-00 | 20(1)(2) | -ടി- | 11.13.7.3 | നികുതി പിരിവിൽ അലംഭാവം-വൻ തുക കാലഹരണപ്പെട്ടു. | |
| 1998-99 | | 2003-04 | 11.14 | മറ്റ് പരാമർശങ്ങൾ – വീട് ഓട് മേയൽ പദ്ധതി വിഹിതമായി അധികം നൽകിയ തുക 73,800/- | |
| 2000-01 | 1 | 2004-05 | 11.1.2.5 | മറ്റ് പരാമർശങ്ങൾ – ബജറ്റ് പാസ്സാക്കുന്നില്ല. ഗ്രാമ പഞ്ചായത്തുകൾ നിയമം ലംഘിക്കുന്നു<br>ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല. ബജറ്റിന്റെ കോപ്പി, മിനുട്സ് എന്നിവ ഹാജരാക്കിയില്ല | |
| 1999-00 | | 2004-05 | 11.1.3.4 | നികുതി പിരിവിൽ | |

| | | | | | |
|---|---|---|---|---|---|
| | | | | അലംഭാവം-<br>കുടിശ്ശിക<br>പെരുകുന്നു. | |
| 1999-00 | | 2004-05 | | കെട്ടിട നികുതി | 396881 |
| | | 2004-05 | | തൊഴിൽ നികുതി | 119416 |
| 2000-01 | | 2004-05 | | കെട്ടിട നികുതി | 469054 |
| | | 2004-05 | | തൊഴിൽ നികുതി | 62976 |
| 1998-99 | 29 | 2004-05 | 5 | സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ - വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്തത് -<br>മണ്ണ് സംരക്ഷണ പദ്ധതി | |
| 1999-00 | 34 | -ടി- | 11.1.5.9 | ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം | |
| 2003-04 | 3(4) | 2006-07 | 3.79.5.1 | വാട്ടർ ചാർജ്ജ് ഇനത്തിൽ വസ്തു കൈമാറ്റത്തീരുവ യിനത്തിൽ നിന്നും തുക തട്ടിക്കിഴിച്ച് വാട്ടർ അതോറിറ്റിക്കു നൽകിയതിൽ അപാകത | |
| 2003-04 | 3(3) | 2006-07 | 3.79.19.9 | മരാമത്ത് പ്രവൃത്തികൾ - നിരക്ക് അധികം നൽകുന്നത് അളവ് തെറ്റായി രേഖപ്പെടുത്തി പഞ്ചായത്തുകൾക്ക് നഷ്ടം<br>7770- അധികം നിരക്ക് നൽകി. | |
| 2003-04 | 3(5) | 2006-07 | 3.79.19.9 | നാവോട്ടുകുന്ന് ഹരിജൻ കോളനി റോഡ് സൈഷനിംഗ് പ്രവൃത്തി 998 രൂപ മണ്ണ് നിറച്ച് സ്ഥലത്ത് | |

| | | | | | |
|---|---|---|---|---|---|
| | | | | സെഷനിംഗ് നടത്തിയതിന് തുക നൽകി. | |
| 2015-16 | 3-14<br>3-14 | 2016-17 | 6 എ.1.1<br>6എ.1.5 | ആശ്രയ പദ്ധതി വീടിന് സ്ഥലം<br>വീട് ആവശ്യമുള്ളവർ | |

## 4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 21533930 |
| ഓഡിറ്റ് വർഷത്തെ വരവ് | 73774697 |
| ആകെ | 95308627 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 71877962 |
| നീക്കിയിരിപ്പ് | 23430665 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1203354 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

1203354/-

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 14756/- | ശ്രീ.മനോജ് കെ<br>സെക്രട്ടറി |
| 1-25 | 500000/- | ശ്രീമതി ശില്പ വർക്കി<br>കൃഷി ഓഫീസർ |
| 1-26 | 488098/- | ശ്രീമതി.അമൃത ബാബു<br>കൃഷി ഓഫീസർ |
| 1-28 | 18000/- | ശ്രീ.ശ്രീധരൻ പി.കെ<br>അസി സെക്രട്ടറി |
| 1-32 | 182500/- | ശ്രീ.മഹേഷ് കെ.കെ<br>ഡയറി ഫാം ഇൻസ്ട്രക്ടർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മനോജ് കെ | സെക്രട്ടറി<br>കായക്കൊടി ഗ്രാമപഞ്ചായത്ത് | സത്തശ്രീ ഹൗസ്<br>ഗുരുവായൂരപ്പൻ പി.ഒ<br>673014 |
| ശ്രീമതി ശില്പ വർക്കി<br>കൃഷി ഓഫീസർ | ലഭ്യമല്ല | കണ്ണച്ചേൽ,<br>പെരുമ്പായക്കോട്<br>686016 |
| ശ്രീമതി.അമൃത ബാബു<br>കൃഷി ഓഫീസർ | ലഭ്യമല്ല | കിഴക്കെപുത്തുരുകണ്ടി<br>ഒറവിൽ പി.ഒ<br>673327 |
| ശ്രീ.ശ്രീധരൻ.പി.കെ<br>അസി സെക്രട്ടറി | അസി.സെക്രട്ടറി<br>വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് | പുനത്തിക്കണ്ടി.<br>കാർത്തികപ്പള്ളി വടകര |
| ശ്രീ.മഹേഷ് കെ.കെ<br>ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ<br>കുന്നുമ്മൽ ബ്ലോക്ക് | കാഞ്ഞിരത്തിൻ കീഴിൽ<br>ചോമ്പാല, വടകര |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1979-80 | എൽ.എഫ്.പി4/505/ 96/ തി.20.03.96 | 3 | |
| 1983-84 | എൽ.എഫ്.പി4/506/ 96/ തി.20.03.96 | 4 | |
| 1984-85 | എൽ.എഫ്.പി4/529/ 96/ തി.20.03.96 | 1 | |
| 1990-91& 1991-92 | കെ.എസ്എ/കെകെഡിപി6/ 1764/2017/10.05.18 | 1 | 22 |
| 1998-99 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764/2017/തി.10.05.18 | 5 | 50, 53, 55, 56, 57 |
| 1999-00 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764/2017/തി.10.05.18 | 6 | 9, 19, 30, 31, 36, 37 |
| 2000-01 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764/2017/തി.10.05.18 | 11 | 2-1, 2-2, 2-3(1), 2-3(2), 2-4,3-1, 3-2, 3-4,<br>3-5, 3-7, 3-8 |
| 2001-02 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764/2017/തി.10.05.18 | 4 | 7,12,15,16 |
| 2002-03 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764/2017/തി.10.05.18 | 1 | 3-10, |
| 2003-04 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764/2017/തി.10.05.18 | 2 | 3-1,3-6 |
| 2004-05 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764/2017/തി.10.05.18 | 1 | 3-6 |
| 2005-06 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764/2017/തി.10.05.18 | 6 | 2-1, 3-1, 3-2, 3-5, 3-6, 3-7 |
| 2006-07 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764/2017/തി.10.05.18 | 16 | 3-4, 3-10, 3-11, 3-14,<br>3-15, 3-16, 3-17, 3-18,<br>3-19, 3-20, 3-23, 3-24, 3-25, 3-26, 3-27, 3-28 |
| 2007-08 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764/2017/തി.10.05.18 | 5 | 3-1,3-2,3-3 (എ), 3-11എബി,<br>3-18 |
| 2008-09 | എൽ.എഫ്.കെകെഡി.പി6/1160/ 12/തി.28.07.12 | 16 | 2-1, 2-2, 2-3, 3-2, 3-3, 3-6, 3-7,<br>3-8, 3-9, 3-10, 3-11,<br>3-12, 3-14,<br>3-15, 3-20, 4-2, 4-6(ഡി) |
| 2009-10 | എൽ.എഫ്.കെ.കെ.ഡിപി6/1161/ | 16 | 2-1, 2-2, 2-3, 2-4, |

| | | | |
|---|---|---|---|
| | 12/തി.1.11.12 | | 3-2, 3-3, 3-4, 3-6,<br>3-5, 3-7, 3-10, 3-11,<br>3-12,3-13,4-2,4-4 |
| 2010-11& 2011-12 | എൽ.എഫ്.കെ.കെ.ഡി.പി6/737/13/തി.16.07.13 | 16 | 2-1(ബി), 3-1, 3-2, 3-3,<br>3-4, 3-5, 3-6, 3-7,<br>3-8, 3-9, 3-10, 3-11,<br>3-12, 3-13, 4-5ബി, 4-6 |
| 2012-13 | എൽ.എഫ് കെ.കെ.ഡി/പി6/1466/14/തി.7.2.15 | 14 | 2-1, 2-2, 2-3, 2-4(1),<br>2-4(2)<br>3-1, 3-2, 3-3, 3-4, 3-5, 3-6,<br>4-1, 4-2, 4-10 |
| 2013-14& 2014-15 | കെ.എസ്.എ/കെ.കെ.ഡി/പി6/1132/17/തി.16.02.18 | 20 | 2-3, 3-1, 3-5, 3-6, 3-7, 3-8, 3-9,3-11,<br>3-12,3-13,3-14,3-15,<br>3-17,3-18,<br>3-19,3-20,3-21,3-22,<br>3-24,3-27 |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി/പി6/748/17/തി.4.5.17 | 16 | 2-1, 2-2, 2-3, 2-4, 2-5,<br>3-1, 3-2,3-3, 3-5,<br>3-6, 3-7, 3-9,3-10,3-12,3-13,3-14 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/പി6/558/2018/തി04.05.18 | 23 | 2-1(1),2-1(2),2-2(1), 2-2(3),<br>2-3,2-4(1),(2)(3),3-1,3-3,<br>3-4,3-5,3-6,3-7,3-9,<br>3-15,3-16,3-17,3-18,<br>3-19,<br>3-21,3-23,3-24 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/പി6/2670/2019/തി 26.07.19 | 15 | 2-1, 2-2, 2-3, 2-4, 2-5, 2-6,3-1,<br>3-2, 3-3, 3-4,3-5,<br>3-6, 3-7,3-8, 3-9 |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി/പി2/899/2020/തി 24.09.2020 | 14 | 1-5, 1-7, 1-8, 1-9(3), 1-9(4), 1-10, 1-11, 1-13, 1-14, 1-15, |

| | | | | |
|---|---|---|---|---|
| | | | 1-16, 1-17, 1-18, 1-19 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്